**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1114** **18-09-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ-പയ്യാമ്പലം ബീച്ച് വാക്ക് വേ - രണ്ടാം ഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വകുപ്പിന്റെ കീഴിൽ, കണ്ണൂർ-പയ്യാമ്പലം ബീച്ച് വാക്ക് വേ - രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി ജല വിഭവ വകുപ്പിന്റെ അനുമതി വേണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | കണ്ണൂർ പയ്യാമ്പലത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പയ്യാമ്പലം ബീച്ച് നടപ്പാതയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിന്റെ അനുമതിക്കായി ടൂറിസം വകുപ്പ് കത്ത് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കത്തിന് മറുപടിയായി എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ; എൻ.ഒ.സി. നൽകിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | NOC നല്കിയിട്ടില്ല. വിനോദ സഞ്ചാര വകുപ്പിന്റെ 11.10.2021 ലെ സ. ഉ. (സാധാ) നം. 314/2021/ ടൂറിസം ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പയ്യാമ്പലം ബീച്ച് വാക്ക് വേ സൗന്ദര്യവൽക്കരണം ഫേസ് - 2 എന്ന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പിൽ നിന്നും എൻ. ഒ. സി. അനുവദിക്കുന്നതിന് ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നു. അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടൂറിസം വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പ് വച്ചിട്ടില്ലാത്തതിനാൽ അപേക്ഷ പുന:സമർപ്പിക്കുന്നതിനായി തലശ്ശേരി ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് തിരികെ നൽകിയിരുന്നു. എന്നാൽ പുന:സമർപ്പിച്ച രേഖകളും അപൂർണമായതിനാൽ കണ്ണൂർ ഇറിഗേഷൻ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ ആയവ 05/10/2023-ാം തീയതിയിലെ കത്ത് നമ്പർ ISK/NOC/1/2022 പ്രകാരം തിരികെ നല്കിയിട്ടുണ്ട്. പൂർണമായ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | (സി) | NOC നല്കിയിട്ടില്ല. വിനോദ സഞ്ചാര വകുപ്പിന്റെ 11.10.2021 ലെ സ. ഉ. (സാധാ) നം. 314/2021/ ടൂറിസം ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പയ്യാമ്പലം ബീച്ച് വാക്ക് വേ സൗന്ദര്യവൽക്കരണം ഫേസ് - 2 എന്ന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ജലസേചന വകുപ്പിൽ നിന്നും എൻ. ഒ. സി. അനുവദിക്കുന്നതിന് ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നു. അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടൂറിസം വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പ് വച്ചിട്ടില്ലാത്തതിനാൽ അപേക്ഷ പുന:സമർപ്പിക്കുന്നതിനായി തലശ്ശേരി ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് തിരികെ നൽകിയിരുന്നു. എന്നാൽ പുന:സമർപ്പിച്ച രേഖകളും അപൂർണമായതിനാൽ കണ്ണൂർ ഇറിഗേഷൻ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ ആയവ 05/10/2023-ാം തീയതിയിലെ കത്ത് നമ്പർ ISK/NOC/1/2022 പ്രകാരം തിരികെ നല്കിയിട്ടുണ്ട്. പൂർണമായ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ